# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1264** **05.03.2020-ൽ മറുപടിയ്ക്ക്**

## പുനർഗേഹം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശത്ത് അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. പദ്ധതി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ബന്ധപ്പെട്ട ജില്ലകളിൽ സ്വീകരിച്ചു വരുന്നു. മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. ഇതിൽ 323 പേർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) പ്രസ്തുത പദ്ധതി എത്ര ഘട്ടങ്ങളിലായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഓരോ ഘട്ടത്തിലുമുള്ള പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ എന്താണെന്നും അറിയിക്കുമോ; | ബി) 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | കടലോരത്തു നിന്നും മാറിത്താമസിക്കാൻ തയ്യാറാകുന്ന കുടുംബങ്ങൾക്കുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | സി) | കടലോരത്ത് നിന്നും മാറിതാമസിക്കാൻ തയ്യാറാകുന്ന കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കും. |
| ഡി) | വസ്തു വാങ്ങുന്നതിന് തുക ആവശ്യമില്ലാത്ത കുടുംബങ്ങൾക്ക് അതിനായി മാറ്റി വയ്ക്കുന്ന തുക ഭവന നിർമ്മാണത്തിനായി ചെലവഴിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ? | ഡി) | ഗുണഭോക്താവിന് സ്ഥലം വാങ്ങി വീട് വയ്ക്കുകയോ അല്ലെങ്കിൽ 2 സെന്റിൽ കുറയാത്ത ഭൂമിയും 500 സ്ക്വയർ ഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനം വാങ്ങുകയോ ചെയ്യാവുന്നതാണ്. എന്നാൽ അപേക്ഷകനോ/പങ്കാളിക്കോ തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ അല്ലാതെ വേറെ ഭൂമിയില്ലെന്നുള്ള സത്യവാങ്മൂലം ഹാജരാക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

പുനർഗേഹം പദ്ധതി നടപ്പിലാക്കുന്ന വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1-ാം ഘട്ടം (2019-20)

| ക്രമ നം. | ഘടകങ്ങൾ | തുക (കോടിയിൽ) |
|---|---|---|
| 1 | 8487 കുടുംബങ്ങളെ സ്ഥലവും വീടും നൽകി (10 ലക്ഷം രൂപാ നിരക്കിൽ) പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ തുക | 848.70 |
| 2 | നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1798 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ തുക | 68.49 |
| 3 | 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പ് നിലവിൽ ഏറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന 92 ഫ്ളാറ്റ് നിർമ്മാണ സമുച്ചയത്തിന് ആവശ്യമായ തുക | 78.20 |
| 4 | പദ്ധതിയുടെ ജില്ലാതല ഏകോപന സഹായത്തിനായി 9 പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കു വേതനം | 0.27 |
| 5 | ഫീൽഡ്തല പദ്ധതി നടത്തിപ്പിനായി 80 മോട്ടിവേറ്റർമാർക്ക് വേതനം | 0.96 |
| 6 | പദ്ധതി ഏകോപന ചിലവുകൾ, ഡോക്യുമെന്റേഷൻ, മീറ്റിംഗ് റിവ്യൂ, ഇൻസ്പെക്ഷൻ | 1.67 |
| 7 | മറ്റു അടിയന്തിര ചിലവുകൾ | 0.32 |
| | **ആകെ** | **998.61** |

2-ാം ഘട്ടം (2020-21)

| ക്രമ നം. | ഘടകങ്ങൾ | തുക (കോടിയിൽ) |
|---|---|---|
| 1 | 5099 കുടുംബങ്ങളെ സ്ഥലവും വീടും നൽകി (10 ലക്ഷം രൂപാ നിരക്കിൽ) പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ തുക | 509.90 |
| 2 | ഫ്ളാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് കണക്കാക്കിയിട്ടുള്ള തുക | 283.42 |
| 3 | പദ്ധതിയുടെ ജില്ലാതല ഏകോപന സഹായത്തിനായി 9 പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കു വേതനം | 0.27 |
| 4 | ഫീൽഡ്തല പദ്ധതി നടത്തിപ്പിനായി 80 മോട്ടിവേറ്റർമാർക്ക് വേതനം | 0.96 |
| 5 | പദ്ധതി ഏകോപന ചിലവുകൾ, ഡോക്യുമെന്റേഷൻ, മീറ്റിംഗ് റിവ്യൂ, ഇൻസ്പെക്ഷൻ | 1.67 |
| 6 | മറ്റു അടിയന്തിര ചിലവുകൾ | 0.32 |
| | **ആകെ** | **796.54** |

3-ാം ഘട്ടം (2021-22)

| ക്രമ നം. | ഘടകങ്ങൾ | തുക (കോടിയിൽ) |
|---|---|---|
| 1 | 5099 കുടുംബങ്ങളെ സ്ഥലവും വീടും നൽകി (10 ലക്ഷം രൂപാ നിരക്കിൽ) പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ തുക | 509.90 |
| 2 | ഫ്ളാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് കണക്കാക്കിയിട്ടുള്ള തുക | 141.73 |
| 3 | പദ്ധതിയുടെ ജില്ലാതല ഏകോപന സഹായത്തിനായി 9 പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കു വേതനം | 0.27 |
| 4 | ഫീൽഡ്തല പദ്ധതി നടത്തിപ്പിനായി മോട്ടിവേറ്റർമാർക്ക് വേതനം | 0.96 |
| 5 | പദ്ധതി ഏകോപന ചിലവുകൾ, ഡോക്യുമെന്റേഷൻ, മീറ്റിംഗ് റിവ്യൂ, ഇൻസ്പെക്ഷൻ | 1.66 |
| 6 | മറ്റു അടിയന്തിര ചിലവുകൾ | 0.33 |
| | **ആകെ** | **654.85** |

**സെക്ഷൻ ആഫീസർ**